"ഭരണഭാഷ മാതൃഭാഷ"

നം.KDFWF/E/1264/2019

OFFICE OF THE CHIEF EXECUTIVE OFFICER
Date:..................
Thiruvananthapuram
KERALA DAIRY FARMERS WELFARE FUND

കേരള ക്ഷീരകർഷക ക്ഷേമനിധി
തിരുവനന്തപുരം- 695004
ഇ-മെയിൽ : keraladairyfarmerswfb@yahoo.in
ഫോൺ നം. 0471-2723671
തീയതി. 25.06.2020

## സർക്കുലർ നം.- 4/2020

വിഷയം:- ക്ഷീരകർഷക ക്ഷേമനിധി - വിവിധ ധനസഹായങ്ങൾ- തുക അനുവദിക്കുന്നത് -സംബന്ധിച്ച്.

സൂചന :- ക്ഷീരകർഷക ക്ഷേമനിധിയുടെ 23.06.2020 ലെ 92- ബോർഡ് യോഗ തീരുമാനം.

ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് നൽകി വരുന്ന വിവധ ധനസഹായ പദ്ധതികളായ വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയുടെ തുക നിലവിൽ ചെക്ക് മുഖേനയാണ് അനുവദിച്ച് വ്വരുന്നത്. എന്നാൽ പല സാഹചര്യങ്ങളാലും കർഷകരുടെ പക്കൽ ടി ആനുകൂല്യങ്ങൾ എത്തിച്ചേരുന്നതിന് കാലതാമസം നേരിടുന്നതായി കാണുന്നു. ആയതിനാൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ഈ വിഷയം ചർച്ച ചെയ്ത് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) 01.07.2020 മുതൽ ക്ഷേമനിധിയിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ ധനസഹായങ്ങൾ കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്നതാണ്.
2) 01.07.2020 മുതൽ ക്ഷേമനിധിയിലേക്ക് അയക്കുന്ന എല്ലാ അപേക്ഷകൾക്കും കർഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, പാസ് ബുക്ക് പകർപ്പ് എന്നിവ നിർബന്ധമായും ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) 01.07.2020 നു ശേഷമുള്ള അപേക്ഷകൾക്കാണ് ഇത് ബാധകമായിട്ടുള്ളത്. നിലവിൽ വിവിധ തലങ്ങളിൽ ഉള്ള അപേക്ഷകൾക്ക് ടി തീരുമാനം ബാധകമല്ല.

മറുപുറം . . . . . .

4) നാളിതുവരെ വിവിധ ധനസഹായ ഇനത്തിൽ വിതരണം ചെയ്തിട്ടുള്ളതും യഥാസമയം ബാങ്കിൽ നൽകി തുകയാക്കുവാൻ സാധിക്കാത്തതുമായ ചെക്കുകൾ ഉണ്ടെങ്കിൽ ആയത് 31.07.2020 നകം ക്ഷേമനിധി ഓഫീസിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്ന ചെക്കുകൾ റീവാലിഡേറ്റ് ചെയ്ത് നൽകുന്നതായിരിക്കില്ല.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

CHIEF EXECUTIVE OFFICER
KERALA DAIRY FARMERS WELFARE FUND
THIRUVANANTHAPURAM

ഡയറക്ടർ, ക്ഷീരവികസന വകുപ്പ് (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും
എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും
എല്ലാ ഡെയറിഫാം ഇൻസ്ട്രക്ടർമാർക്കും
എല്ലാ ക്ഷീരസംഘം സെക്രട്ടറിമാർക്കും